"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരളീയ പ്രവാസികാര്യ വകുപ്പ് - നോർക്ക ശുഭയാത്ര പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.954/2024/NORKA തീയതി,തിരുവനന്തപുരം, 23-10-2024

---

പരാമർശം:- നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 10.08.2023 തീയതിയിലെ റൂട്ട്സ്/1119/2023-എൻ.ആർ.ഡി1 നമ്പർ കത്ത്.

**ഉത്തരവ്**

വിദേശ ജോലി എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് സഹായം നൽകുന്നതിനുള്ള പദ്ധതിയാണ് നോർക്ക ശുഭയാത്ര പദ്ധതി. പ്രസ്തുത പദ്ധതിക്കായി 2024-25 ബജറ്റിൽ 150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് ചുവടെ പറയുന്ന രണ്ടു ലക്ഷ്യങ്ങൾ ആണ് ഉള്ളത്.

(A) പ്രവാസി നൈപുണ്യ വികസന സഹായ പദ്ധതി (Scheme for Foreign Employability Skilling Assistance)

(B) വിദേശ തൊഴിലിനായുള്ള യാത്രാ സഹായ പദ്ധതി (Scheme for Foreign Employment Travel Assistance)

2) നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പരാമർശത്തിലെ കത്ത് പ്രകാരം നോർക്ക ശുഭയാത്ര പദ്ധതി നടപ്പിലാക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിദേശ ജോലി എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് സഹായം നൽകുന്നതിനുള്ള നോർക്ക ശുഭയാത്ര പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ളത് അംഗീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

4) പദ്ധതി നടത്തിപ്പിന് ഈ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിന്ധു എസ്
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.
പകർപ്പ് - മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

Signed by
Githin. S. V
Date: 23-10-2024 11:43:30
സെക്ഷൻ ഓഫീസർ

**നോർക്ക ശുഭയാത്ര പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ**

**നോർക്ക ശുഭയാത്ര പദ്ധതിയുടെ രണ്ട് ഉപപദ്ധതികൾ ചുവടെ ചേർക്കുന്നു.**

(A) പ്രവാസി നൈപുണ്യ വികസന സഹായ പദ്ധതി (Scheme for Foreign Employability Skilling Assistance)

(B) വിദേശ തൊഴിലിനായുള്ള യാത്രാ സഹായ പദ്ധതി (Scheme for Foreign Employment Travel Assistance)

**(A) പ്രവാസി നൈപുണ്യ വികസന സഹായ പദ്ധതി (Scheme for Foreign Employability Skilling Assistance)**

വിദേശ ജോലി എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനു സാമ്പത്തികമായി ബുദ്ധിമുട്ടുന്നവരെ സഹായിക്കുന്ന പുതിയ പദ്ധതിയാണ് നോർക്ക പ്രവാസി നൈപുണ്യ വികസന സഹായി. പ്രധാനമായും ആരോഗ്യ മേഖലയിലെ നഴ്സുമാർ, ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് തുടങ്ങിയവരിൽ ഒരു വിഭാഗത്തിന് വിദേശ ജോലി നേടുന്നതിനായി അവശ്യം ആർജ്ജിക്കേണ്ട നൈപുണ്യ വികസനത്തിനായി വേണ്ടി വരുന്ന ചെലവുകൾ നേരിടാൻ ബുദ്ധിമുട്ടുന്ന സാഹചര്യമാണുള്ളത്. വിദേശ ഭാഷാ പരിശീലനം, അതിന്റെ പരീക്ഷാഫീസ്, മറ്റു റഗുലേറ്ററി പരീക്ഷകൾക്കുള്ള പരിശീലനവും പരീക്ഷാ ഫീസും, പ്രസ്തുത പരീക്ഷാ പരിശീലന കാലയളവിൽ ഹോസ്റ്റൽ, ഭക്ഷണം തുടങ്ങിയ ചെലവുകൾ നേരിടാൻ കഴിയാത്തതിനാൽ വിദേശ ജോലി എന്ന സ്വപ്നം നടക്കാതെ പോകുന്ന ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞ പലിശയിൽ ധനകാര്യ സ്ഥാപനങ്ങൾ മുഖേന വായ്പ നൽകുന്നതാണ് ഈ പദ്ധതിയുടെ സവിശേഷത. 2 ലക്ഷം രൂപ വരെയാണ് ഈ പദ്ധതിയിലൂടെ അർഹരായ അപേക്ഷകർക്ക് വായ്പയായി ലഭിക്കുന്നത്. വായ്പ ലഭ്യമാകുന്നവർക്ക് നോർക്കയുടെ പലിശ സബ്സിഡിയ്ക്ക് അർഹത ഉണ്ടായിരിക്കും

**ഉദ്ദേശലക്ഷ്യം** Objective)

വിദേശ തൊഴിൽ ആഗ്രഹിക്കുന്നവർക്ക് അത് നേടുന്നതിനുള്ള സാമ്പത്തിക പ്രതിസന്ധികൾ നേരിടുന്നതിനായാണ് പ്രവാസി നൈപുണ്യ വികസന സഹായി എന്ന വായ്പാ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതി ഭാവി കുടിയേറ്റക്കാരെ പിന്തുണയ്ക്കാൻ ഉദ്ദേശിച്ചുള്ളതാണ്. പ്രത്യേകിച്ച് നഴ്സിംഗ് ഉദ്യോഗാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ അനുയോജ്യമായ ജോലി കണ്ടെത്തുന്നതിന് അവരെ പ്രാപ്തരാക്കുന്ന കോഴ്സുകളിൽ പങ്കെടുക്കുന്നതിനും ഇപ്രകാരം വിദേശ തൊഴിൽ ലഭ്യമാകുന്നതിനും വഴിയൊരുക്കുന്നു.

വിദേശ സർവ്വകലാശാലകളിൽ പ്രവേശനം നേടുന്നതിന് വിദേശ ഭാഷാ പരിശീലനം നടത്താൻ ഉദ്ദേശിക്കുന്ന വിദ്യാർത്ഥികൾക്കും ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന ഏതു പരിശീലനത്തിനും ഈ ലോൺ ഉപയോഗപ്പെടുത്താവുന്നതാണ് .

**വായ്പ ലഭ്യത**

വിദേശ തൊഴിൽ ആഗ്രഹിക്കുന്നവർക്കുള്ള തൊഴിൽ നൈപുണ്യ പരിശീലനത്തിനായും കുടിയേറ്റം സാദ്ധ്യമാക്കുന്ന പരിശീലന പരിപാടികൾക്കും പ്രവാസി നൈപുണ്യ വികസന സഹായി പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണ് .

വിദേശ തൊഴിൽ സാദ്ധ്യമാക്കുന്ന OET/IELTS, ജർമ്മൻ, ജാപ്പനീസ്, അറബിക് തുടങ്ങിയ ഭാഷാ കോഴ്സുകൾ ഉൾപ്പെടെയുള്ള നൈപുണ്യ പരിശീലനത്തിന് വായ്പ ലഭ്യമാകുന്നതാണ്.

വിദേശ തൊഴിലിന് ലൈസൻസ് ലഭ്യമാകുന്നതിനുള്ള (licensing exams) പരീക്ഷകൾക്കും ഈ പദ്ധതി ബാധകമാണ്. ലോൺ തുക പരിശീലന കാലയളവിലെ ഹോസ്റ്റൽ ഫീസ്, മറ്റ്

ജീവിതച്ചെലവുകൾ ഇവയ്ക്കായി ഉപയോഗിക്കാവുന്നതാണ്. അപേക്ഷകർ, വായ്പ ലഭ്യമാകുന്നതിന്, പരിശീലന സ്ഥാപനത്തിൽ നിന്നുള്ള ഫീസ് റെസീപ്റ്റോ എൻറോൾമെന്റ് സർട്ടിഫിക്കറ്റോ ഹാജരാക്കേണ്ടതാണ്.

**(B) വിദേശ തൊഴിലിനായുള്ള യാത്രാ സഹായ പദ്ധതി (Scheme for Foreign Employment Travel Assistance)**

ഇന്ത്യാ ഗവൺമെന്റിന്റെ ഇ-മൈഗ്രേറ്റ് സിസ്റ്റത്തിൽ പേര് പ്രദർശിപ്പിച്ചിട്ടുള്ളതും രജിസ്റ്റർ ചെയ്തതുമായ റിക്രൂട്ടിംഗ് ഏജന്റ് മുഖേന ലഭിക്കുന്ന ജോബ് ഓഫറിന്റെ അടിസ്ഥാനത്തിൽ വിദേശത്ത് തൊഴിൽ ലഭ്യമായവർക്ക് വിദേശയാത്രയുമായി ബന്ധപ്പെട്ട പ്രാരംഭ ചെലവുകൾക്കായി 2 ലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുന്ന പദ്ധതിയാണ് ഇത്

**ഉദ്ദേശലക്ഷ്യം**

വിദേശ തൊഴിൽ ലഭ്യമാകുന്നതിനു വായ്പ നൽകുന്ന പുതിയ പദ്ധതിയാണ് ഇത് വിദേശത്ത് തൊഴിൽ വിസ ലഭ്യമായാൽ റിക്രൂട്ടിംഗ് കമ്പനികൾക്കുള്ള സേവന നിരക്കുകൾ, വിസ സ്റ്റാമ്പിങ് നിരക്കുകൾ, മെഡിക്കൽ പരിശോധന, വിമാന ടിക്കറ്റ്, വാക്സിൻ തുടങ്ങി അനവധി ചെലവുകൾ വിദേശ ജോലിക്കായി പോകുന്നവർക്ക് വഹിക്കേണ്ടി വരുന്നു. ഇത് പലപ്പോഴും കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങൾക്ക് താങ്ങുവാൻ കഴിയാറില്ല. ഈ സാഹചര്യത്തിൽ വിദേശത്തേക്ക് പോകുന്നവർക്ക് ഒരു കൈത്താങ്ങാണ് ഈ വായ്പാ പദ്ധതി. വിദേശത്ത് തൊഴിൽ ലഭ്യമായവർക്ക് വിദേശയാത്രയുമായി ബന്ധപ്പെട്ട പ്രാരംഭ ചെലവുകൾക്കായി ഈ വായ്പ ഉപയോഗപ്പെടുത്താവുന്നതാണ്.

**വായ്പ ലഭ്യത**

വിസ സ്റ്റാമ്പിംഗ്, എച്ച്.ആർ.ഡി/എംബസി അറ്റസ്റ്റേഷൻ, ഇമിഗ്രേഷൻ ക്ലിയറൻസ്, എയർ ടിക്കറ്റുകൾ, വാക്സിനേഷൻ, ആർ.ടി.പി.സി.ആർ. മുതലായവയ്ക്കുള്ള ചെലവുകൾക്കായി ഈ ലോൺ ലഭ്യമാകുന്നതാണ്.

**ശുഭയാത്രപദ്ധതിയുടെ വിശദ മാർഗ്ഗനിർദ്ദേശങ്ങൾ**

**1. അപേക്ഷ സമർപ്പിക്കേണ്ട രീതി**

എല്ലാ അപേക്ഷകരും ലോൺ ലഭിക്കുന്നതിന് നിർദ്ദിഷ്ട പ്രൊഫോർമയിൽ/ ഓൺലൈനായി നോർക്ക വെബ്സൈറ്റിൽ (www.norka.org) അവരുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷനിലൂടെ അർഹരായ അപേക്ഷകരെ കണ്ടെത്തുക എന്നത് മാത്രമാണ് അർത്ഥമാക്കുന്നത്. അപേക്ഷിച്ചു എന്നതിനാൽ ഒരു തരത്തിലും അപേക്ഷകനെ പലിശ സബ്സിഡിക്ക് വേണ്ടി തെരഞ്ഞെടുത്തുവെന്ന് അർത്ഥമാക്കുന്നില്ല.

**2. വായ്പാ തുക**

പദ്ധതി പ്രകാരം പരമാവധി 2 (രണ്ട്) ലക്ഷം രൂപ വരെ വായ്പ ലഭിക്കും

**3. പലിശ സബ്സിഡി**

വായ്പ തിരിച്ചടക്കേണ്ട പരമാവധി കാലാവധി 36 മാസമാണ്. വായ്പ കൃത്യമായി തിരിച്ചടക്കുന്നവർക്ക് 4% (p.a.) പലിശ സബ്സിഡി 30 മാസത്തേക്ക് നൽകും. ആദ്യത്തെ ആറ് മാസത്തെ മുഴുവൻ പലിശയും നോർക്ക റൂട്ട്സ് വഹിക്കും. പൂർണ്ണമായ പലിശ രഹിത കാലയളവിന് ശേഷം (ആദ്യത്തെ 6 മാസക്കാലം) . കൃത്യമായി തിരിച്ചടക്കുന്ന വായ്പാ തുകയ്ക്ക് ആനുപാതികമായിട്ടായിരിക്കും പരമാവധി 4% പലിശ സബ്സിഡി അപേക്ഷകന് ലഭ്യമാകുന്നത് വായ്പാ കാലാവധിയ്ക്ക് മുൻപ് മുഴുവൻ വായ്പാ തുകയും അടച്ച് തീർക്കുന്ന അപേക്ഷകന് പ്രസ്തുത

തീയതിയിൽ അർഹമാകുമായിരുന്ന പലിശ സബ്സിഡിയ്ക്ക് മാത്രമേ അർഹതയുണ്ടാകുകയുള്ളൂ.

പലിശ സബ്സിഡി ലഭ്യമാകുന്നതിനായി സബ്സിഡിയ്ക്ക് യോഗ്യമായവരുടെ കൺസോളിഡേറ്റഡ് ലിസ്റ്റ് ഓരോ ത്രൈമാസത്തിലും ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾ നോർക്ക റൂട്ട്സിലേക്ക് ലഭ്യമാക്കേണ്ടതാണ്.

**4. അഡ്മിനിസ്ട്രേറ്ററും കൺട്രോളറും:**

നോർക്ക റൂട്ട്സിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായിരിക്കും പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റർ. നോർക്ക വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയാണ് പദ്ധതിയുടെ കൺട്രോളർ.

ലോണുകളുടെ ഗുണഭോക്താക്കളെ നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിലുള്ള സ്ക്രീനിംഗ് കമ്മിറ്റി പരിഗണിക്കുകയും അർഹമായ ശിപാർശ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യും.

**5. വായ്പ ലഭ്യതയും വായ്പ നൽകുന്നതിനുള്ള അധികാരിയും**

പദ്ധതി നടത്തിപ്പിന് നോർക്ക റൂട്ട്സുമായി സഹകരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുമായി (ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, കോ-ഓപ്പറേറ്റീവ് ബാങ്കുകൾ അല്ലെങ്കിൽ നോൺ-ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികൾ) ധാരണാപത്രം ഒപ്പ് വച്ചതിന് ശേഷം പദ്ധതി നിലവിൽ വരുന്നതാണ്. വായ്പ അനുവദിക്കുന്നതിനുള്ള എല്ലാ വിവേചനാധികാരവും ധനകാര്യ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കും.

6. നിലവിൽ നോർക്ക റൂട്ട്സ് നടപ്പാക്കി വരുന്ന "മടങ്ങി വരുന്ന കുടിയേറ്റക്കാരുടെ പുനരധിവാസ (NDPREM) പദ്ധതി"യുടെ പൊതുവായ മാനദണ്ഡങ്ങൾ ഈ പദ്ധതിയ്ക്കും ബാധകമാണ്.

7. മേൽ ഉപ പദ്ധതികളിൽ ഒന്നിൽ മാത്രമേ ഒരു അപേക്ഷകൻ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ

8 . നോർക്കയുടെ മറ്റ് പദ്ധതികൾ മുഖേന സഹായം ലഭിച്ചവരെ ഈ പദ്ധതിയിൽ പരിഗണിക്കുകയില്ല.